"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 6/722-ാം നമ്പർ കെട്ടിടം പകൽ വീട് നടത്തുന്നതിനായി നന്മ ചാരിറ്റബ്ൾ ട്രസ്റ്റ് ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിന് കൈമാറുന്നതിനും, നടത്തിപ്പ് ചുമതല ഇതേ ഏജൻസിക്ക് നല്കുന്നതിനും നിബന്ധനകൾക്ക് വിധേയമായി അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.612/2025/LSGD തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:- 1. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11/07/2024-ലെ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 30/01/2025-ലെ 4.51 നമ്പർ തീരുമാനം.

**ഉത്തരവ്**

ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 6/722-ാം നമ്പർ കെട്ടിടത്തിൽ പകൽ വീട് നടത്തുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുക്കിയിട്ടുണ്ട്. ഇതിന്റെ നടത്തിപ്പ് ചുമതല നന്മ ചാരിറ്റബിൾ ട്രസ്റ്റ് ഓഫ് ഇന്ത്യ, ആലത്തൂർ എന്ന സംഘടന വഹിക്കാമെന്നറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പകൽ വീടിനായുള്ള കെട്ടിടവും, നടത്തിപ്പ് ചുമതലയും ട്രസ്റ്റിനെ ഏല്പിക്കാൻ അനുമതി നല്കണമെന്ന് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. പരാമർശം (2) പ്രകാരം സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു.

പകൽവീടിന്റെ പ്രവർത്തനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി എപ്പോഴും വിലയിരുത്തണമെന്നും, പകൽവീട് കെട്ടിടം മറ്റാവശ്യത്തിന് ട്രസ്റ്റ് ഉപയോഗിക്കരുതെന്നും, എത്രനാളത്തേക്കാണ് പകൽ വീടിനായി ട്രസ്റ്റിനു വിട്ടു നല്കുന്നതെന്നുമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുമായി ട്രസ്റ്റ് ഭാരവാഹികൾ കരാറിലേർപ്പെടേണ്ടതാണെന്ന നിബന്ധനയോടെ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട് ജില്ല.

സെക്രട്ടറി/പ്രസിഡന്റ്, ആലത്തൂർ ഗ്രാമപഞ്ചായത്ത്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി.ആർ.ഡി, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി ( LSGD-DA2/15/2025-LSGD)

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 05-03-2025 12:28:21

സെക്ഷൻ ഓഫീസർ.